## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3593 — 15.07.15 -ൽ മറുപടിക്ക്

## ചോദ്യം

ശ്രീ. പി.തിലോത്തമൻ

(എ) ചേർത്തലയുടെ തീരമേഖലകളായ അർത്തുങ്കൽ, ആയിരംതൈ, ചേന്നവേലി,തൈക്കൽ ഭാഗങ്ങളിൽ കഴിഞ്ഞ കറച്ച വർഷങ്ങളായി കൂടുതൽ ൃക്ഷമായ തരത്തിലുണ്ടാകുന്ന കടലാക്രമണത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ,വ്യക്തമാക്കുമോ;

(ബി ചേർത്തലയുടെ തീരമേഖലകളിലുണ്ടാകുന്ന ൃക്ഷമായ കടലാക്രമണങ്ങൾക്ക് നിലവിൽ ഈ മേഖലകളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള പുലിമുട്ടുകളുടെ പോരായ്മകളാണോ കാരണം എന്ന് പരിശോധിച്ചിട്ടുണ്ടോ ;

## മറുപടി

ശ്രീ. പി.ജെ.ജോസഫ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർത്തുങ്കൽ ഹാർബറിനു വേണ്ടി നിർമ്മിക്കുന്ന പുലിമുട്ടുകളുടെ നീളം കൂട്ടുന്നതനുസരിച്ച് അതിന്റെ വടക്കുപ്രദേശമായ ആയിരം തയ്യിലും അർത്തുങ്കലിലും രൂക്ഷമായ കടലാക്രമണം കഴിഞ്ഞ കുറേ വർഷങ്ങളായി അനുഭവപ്പെടാറുണ്ട്. ചെത്തി ഹാർബറിന്റെ പുലിമുട്ട് നീട്ടുന്നതനുസരിച്ച് ചേന്നവേലിയിലും രൂക്ഷമായ കടലാക്രമണം ഉണ്ടാകാറുണ്ട്.

(ബി) തദ്ദേശവാസികളുടെ അഭിപ്രായമനുസരിച്ച് ഈ പ്രദേശത്ത് ചെത്തിയി ലും അർത്തുങ്കലിലും ഹാർബർ എഞ്ചിനീയറിങ്ങ് വിഭാഗം നിർമ്മിച്ച പുലിമുട്ട് വരുന്നതിനു മുമ്പ് യാതൊരു വിധ കടലാക്രമണവും അനുഭവപ്പെട്ടിരുന്നില്ല എന്നു മനസ്സിലാക്കുന്നു പുലിമുട്ട് നിർമ്മിച്ചതിനു ശേഷമാണ് ഇത്രമാതം കടാലാക്രമണം അനുഭവപ്പെടുന്നത്.

| | |
|---|---|
| (സി) ഇപ്രകാരം പോരായ്മകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടിസ്വീകരിക്കും എന്നുവ്യക്തമാക്കുമോ? | സി) രൂക്ഷമായ കടലാക്രമണമുണ്ടായതിന്റെ കാരണങ്ങൾ മനസ്സിലായി ഈ ഭാഗത്തെ രൂക്ഷമായ കടലാക്രമമത്തിൽ നിന്നും സംരക്ഷിക്കുന്നതിനു വേണ്ടി കേരള സർക്കാർ വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി ഐ.ഐ.റ്റി ചെന്നൈ യെ ഏൽപ്പിക്കുകയും അവർ സ്ഥലം സന്ദർശിച്ച് വിശദമായ പഠനം നടത്തി ഈ ഭാഗത്തെ വിവിധ നീളത്തിലുള്ള പുലിമുട്ടുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി.<br><br>നബാർഡിന്റെ ധനസഹായത്തോടെ പുലിമുട്ടുകളുടെ പ്രവർത്തി നടന്നു കൊണ്ടിരിക്കുകയാണ്. ഇതിന്റെ ബാക്കി ഭാഗങ്ങളുടെ വിശദമായ പഠനം ചെന്നൈ ഐ.ഐ.റ്റി നടത്തികൊണ്ടിരിക്കുകയാണ്.<br><br>അർത്തുങ്കൽ ഭാഗത്തെ കടലാക്രമണം പരിഹരിക്കുന്നതിനായി 1226 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിന് 1238 ലക്ഷം രൂപയുള്ള പ്രവർത്തിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ